# പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 679 10.03.2015-ലെ മറുപടിയ്ക്ക്

**<u>ലൈംഗികമായി പീഡിപ്പിക്കപ്പെട്ട ആദിവാസി സ്ത്രീകൾ</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു.എം. പാലിശ്ശേരി | കുമാരി. പി.കെ.ജയലക്ഷ്മി<br>(ബഹു. പട്ടികവർഗ്ഗ ക്ഷേമവും, യുവജന കാര്യവും, കാഴ്ചബംഗ്ലാവുകളും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര ആദിവാസി സ്ത്രീകളും പ്രായപൂർത്തിയാകാത്ത ആദിവാസി പെൺകുട്ടികളും ലൈംഗികമായി പീഡിപ്പിക്കപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇത്തരം സ്ത്രീകളുടേയും പെൺകുട്ടികളുടേയും ശാരീരികവും മാനസികവുമായ പരിരക്ഷ ഉറപ്പു വരുത്തുന്നതിനും പുനരധിവാസ സഹായം ചെയ്യുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ? | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 184 ആദിവാസി സ്ത്രീകളും 79 ആദിവാസി പെൺകുട്ടികളും ലൈംഗികമായി പീഡിപ്പിക്കപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പീഡനത്തിനിരയാകുന്ന ആദിവാസി സ്ത്രീകളുടേയും പെൺകുട്ടികളുടേയും ശാരീരികവും മാനസികവുമായ പരിരക്ഷ ഉറപ്പു വരുത്തുന്നതിനായി കൗൺസിലിംഗ് ക്ലാസ്സുകളും, ചികിത്സാ സഹായങ്ങളും ആശ്വാസ ധനസഹായങ്ങളും നൽകി വരുന്നു. കൂടാതെ കുറ്റവാളികൾക്കെതിരെ 1989 ലെ പട്ടികജാതികളും പട്ടികവർഗ്ഗങ്ങളും (അതിക്രമങ്ങൾ തടയൽ) നിയമ പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി മൂന്നു മാസത്തിലൊരിക്കൽ യോഗം ചേർന്ന് ലൈംഗിക അതിക്രമം ഉൾപ്പെടെയുള്ള കേസ്സുകൾ പരിശോധിച്ച് തീരുമാനമെടുക്കുകയും അതിക്രമത്തിനിരയായവർക്ക് പുനരധിവാസത്തിനും ക്ഷേമത്തിനും വേണ്ടി നഷ്ടപരിഹാരം നൽകി വരികയും ചെയ്യുന്നുണ്ട്. |

Rashidas

**സെക്ഷൻ ഓഫീസർ**